ജന്മഭൂമി

07 January 2024

# തീരക്കടലിനപ്പുറം മീൻപിടുത്തം നിയന്ത്രിക്കാൻ കേന്ദ്രനിയമം വേണം: സിഎംഎഫ്ആർഐ

**കൊച്ചി:** ഭാരത സമുദ്രമത്സ്യമേഖലയുടെ സുസ്ഥിരവികസനത്തിനായി കേന്ദ്ര നിയമനിർമാണം (മറൈൻ ഫിഷറി ആക്ട്) ഉൾപ്പെടെ സമഗ്രനിർദേശങ്ങളുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). 12 നോട്ടിക്കൽ മൈൽ പരിധിയിലുള്ള തീരക്കടലിനപ്പുറം ഭാരത സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നിയന്ത്രിക്കാൻ കേന്ദ്രനിയമം അനിവാര്യമാണെന്ന് നയരൂപീകരണത്തിനുള്ള സിഎംഎഫ്ആർഐയുടെ നിർദേശം ചൂണ്ടിക്കാട്ടി. നിതി ആയോഗിന്റെ നേതൃത്വത്തിൽ സിഎംഎഫ്ആർഐയിൽ നടന്ന ദേശീയ ശിൽപശാലയുടെ ഭാഗമായുള്ള വികസന ചർച്ചയിലാണ് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ നിർദേശങ്ങൾ അവതരിപ്പിച്ചത്. ഭാരത സമുദ്രാതിർത്തിയിൽ സുസ്ഥിരരീതികൾ നടപ്പിലാക്കുന്നതിന് ഇത്തരം നിയമനിർമാണം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

തീരക്കടലുകളിലെ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾ ഏർപ്പെടുത്തിയ നിയമങ്ങളാണ് ഇപ്പോഴുള്ളത്. സമുദ്രസമ്പത്തിന്റെ ശാസ്ത്രീയ വംശസംഖ്യാനിർണയം (സ്റ്റോക്ക്അസസ്മെന്റ്) വ്യവസ്ഥാപിതമാക്കണമെന്നതാണ് മറ്റൊരു ശിപാർശ. ലോക വ്യാപാര സംഘടനയിലെ (ഡബ്ല്യുടിഒ) സബ്സിഡിയുമായി ബന്ധപ്പെട്ട ചർച്ചകളിലും മറ്റ് അന്തർദേശീയ വ്യവഹാരങ്ങളിലും സമുദ്രസമ്പത്തിന്റെ ആരോഗ്യാവസ്ഥ നിർണായകമാണെന്നതിനാൽ ഈ കണക്കെടുപ്പ് വ്യവസ്ഥാപിതമാക്കുന്നതിന് കേന്ദ്രസർക്കാർ മുൻകൈയെടുക്കണമെന്നാണ് നിർദേശം.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന ചർച്ച നിയന്ത്രിച്ചു. അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. നിതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ദ് ഉൾപ്പെടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളെ പ്രതിനിധീകരിച്ചെത്തിയ നയരൂപീകരണ വിദഗ്ധർ, ഗവേഷകർ, വ്യവസായപ്രമുഖർ, മത്സ്യത്തൊഴിലാളി-ബോട്ടുടമ പ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിധ്യത്തിലാണ് സിഎംഎഫ്ആർഐ നിർദേശങ്ങൾ അവതരിപ്പിച്ചത്.